## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *390** | **13.11.2019- ൽ മറുപടിക്ക്**

## ഇതരസംസ്ഥാന തൊഴിലാളികളുടെ ക്ഷേമവും സുരക്ഷയും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി. ഉണ്ണി<br>,, എ. പ്രദീപ്കുമാർ<br>,, എം. നൗഷാദ്<br>,, ബി.സത്യൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) ഏറ്റവും കൂടുതൽ ഇതര സംസ്ഥാനക്കാർ തൊഴിലെടുക്കുന്ന ഒരു സംസ്ഥാനമെന്ന നിലയിൽ അവരുടെ തൊഴിൽ, സാമൂഹ്യസുരക്ഷ, ഭവനം, ശിശു സംരക്ഷണം, വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം തുടങ്ങിയ മേഖലകളിൽ ഈ സർക്കാർ നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികൾ എന്തെല്ലാമാണ്; | (എ) സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 15,000/- രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് 25,000/- രൂപയായി ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ചികിത്സാ പരിധിയിൽ പ്രസവ സംബന്ധമായ ചികിത്സ കൂടി ഉൾപ്പെടുത്തിക്കൊണ്ടും അപകടം മൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് 1 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തികൊണ്ടും തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഇതരസംസ്ഥാന തൊഴിലാളികൾക്ക് വാസഗൃഹം നിർമ്മിക്കുന്ന "അപ്നാഘർ" പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഫ്ളാറ്റ് നിർമ്മാണം പൂർത്തിയാക്കി താമസക്കാർക്കായി അനുവദിച്ചുനൽകിയിട്ടുണ്ട്. 620 ഇതരസംസ്ഥാന തൊഴിലാളികൾ ഇവിടെ താമസിച്ചുവരുന്നു. ഈ മാതൃകയിൽ പാർപ്പിടസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിലും സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.<br><br>ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പ |

| | | | |
|---|---|---|---|
| | | | വരുത്തുന്നതിലേക്കായി കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരമുള്ള മരണാനന്തര ആനുകൂല്യം, അപകടമരണ ധനസഹായം, ഭൗതികശരീരം എംബാം ചെയ്ത് സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനുള്ള സഹായം, ചികിത്സാ ധനസഹായം , ടെർമിനൽ ബെനിഫിറ്റ് എന്നീ ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.<br>സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മൃതദേഹം സ്വദേശത്തേക്കു കൊണ്ടുപോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുമുണ്ട്. തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് സംസ്ഥാന വ്യാപകമായി ബോധവൽക്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ "ശ്രമിക്ബന്ധു" എന്ന പേരിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് സെന്ററിന്റെ പ്രവർത്തനം ഈ മാസം ആരംഭിക്കുന്നതാണ്. |
| (ബി) | ഇതര സംസ്ഥാന തൊഴിലാളികളോട് ഏറ്റവും സൗഹാർദ്ദപരമായി പെരുമാറുകയും നയപരമായ തീരുമാനങ്ങളിലൂടെ അവരുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുകയും ചെയ്യുന്നതിൽ മുൻപന്തിയിലുള്ള നമ്മുടെ സംസ്ഥാനം ഇതിനായി എന്തെല്ലാം നിയമ നിർമ്മാണമാണ് നടത്തിയിട്ടുള്ളത്; | (ബി) | കേരള സംസ്ഥാനത്തിനകത്ത് ജോലി ചെയ്തുവരുന്ന ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കുവേണ്ടി 29.03.2010-ലെ സ. ഉ. (എം.എസ്) 46/2010/തൊഴിൽ വിജ്ഞാപന പ്രകാരം കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് മുഖേന കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ 26.08.2010-ലെ സ.ഉ (എം.എസ്) 102/2010/തൊഴിൽ നമ്പർ ഉത്തരവു പ്രകാരവും 18.01.2019 ലെ സ.ഉ (കൈ)4/ 2019/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരവും വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. |
| (സി) | കേരളത്തിലെ എല്ലാ അതിഥി തൊഴിലാളികളെയും ആവാസ് ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; അതിനായി ഒരു | (സി) | ഇതര സംസ്ഥാന തൊഴിലാളികളെ ആവാസ് ഇൻഷ്വറൻസ് പദ്ധതിയിൽ 2017 നവംബർ മുതൽ രജിസ്ട്രേഷൻ നടത്തിവരുന്നുണ്ട്. 16.07.2019 മുതൽ ടി പദ്ധതിയിൽ അംഗങ്ങളായി ചേർക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് |

സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

നടന്നുവരുന്നു. കേരളത്തിലുടനീളം നടന്നു വരുന്ന ഈ സ്പെഷ്യൽ ഡ്രൈവിലൂടെ മാത്രം 05.11.2019 വരെ 89922 പേരെ ടി പദ്ധതിയിൽ എൻറോൾ ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. 2017 നവംബർ മുതൽ 05.11.2019 വരെ ആകെ 467765 ഇതര സംസ്ഥാന തൊഴിലാളികൾ ആവാസ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ വഴിയും രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ.